"ഭരണഭാഷ-മാതൃഭാഷ"

# വ്യാവസായിക പരിശീലന വകുപ്പ്
## (കേരള സംസ്ഥാനം)

ട്രെയിനിംഗ് ഡയറക്ടറേറ്റ്,തൊഴിൽ ഭവൻ, തിരുവനന്തപുരം-33

## ജോയിന്റ് ഡയറക്ടറുടെ നടപടിക്രമം
**(നിലവിൽ: ബി.ജസ്റ്റിൻരാജ്)**

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ് - ജീവനക്കാര്യം വർക്ക്ഷോപ്പ് അറ്റൻഡർ തസ്തികയിൽ നിന്നും ജൂനിയർ ഇൻസ്ട്രക്ടർ തസ്തികയിൽ സ്ഥാനക്കയറ്റം അനുവദിച്ച് ഉത്തരവാകുന്നു:-

പരാമർശം:-
1. 29/11/1971ലെ 408/71/പി.ഡി നമ്പർ വിജ്ഞാപനം.
2. 19855/സി/2008/തൊഴിൽ നമ്പരായ 24/04/08 ലെ സർക്കാർ കത്ത്.
3. 02/02/17 ലെ എ6/3281/15 നമ്പരായ ജോയിന്റ് ഡയറക്ടറുടെ നടപടിക്രമം.
4. 30/05/17 ലെ ജി.ഒ(എം.എസ്) 40/17/തൊഴിൽ നമ്പരായ സർക്കാർ ഉത്തരവ്.

**ഉത്തരവ് നമ്പർ. എ2/14365/2016 തീയതി: 06/07/2017.**

പരാമർശം (1) ലെ സർക്കാർ വിജ്ഞാപനപ്രകാരം വ്യാവസായിക പരിശീലന വകുപ്പിൽ ജൂനിയർ ഇൻസ്ട്രക്ടർ തസ്തികയിലെ (അരിത്തമെറ്റിക് കം ഡ്രോയിംഗ് ഇൻസ്ട്രക്ടർ ഉൾപ്പടെ) ഒഴിവുകൾ 3:1 എന്ന അനുപാതത്തിൽ നേരിട്ടും, വ്യാവസായിക പരിശീലന വകുപ്പിലെ വർക്ക്ഷോപ്പ് അറ്റൻഡർ തസ്തികയിലെ ജീവനക്കാരുടെ സ്ഥാനക്കയറ്റം മുഖേനയും നികത്തുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇത്തരത്തിൽ സ്ഥാനക്കയറ്റത്തിനായി ഒഴിവുകളുടെ അനുപാതം നിശ്ചയിക്കുന്നത് ടി തസ്തികയിലെ അംഗബലത്തിന്റെ അടിസ്ഥാനത്തിലായിരിക്കണമെന്ന് സർക്കാർ പരാമർശം (2) പ്രകാരം സ്പഷ്ടീകരണം നൽകിയിട്ടുണ്ട്.

പരാമർശം (4) ലെ സർക്കാർ ഉത്തരവിൻപ്രകാരം വെൽഡർ അനുബന്ധ ട്രേഡുകളിലെ നിയമന യോഗ്യത ഏകീകരിച്ച സാഹചര്യത്തിൽ വെൽഡർ ട്രേഡിൽ നിലവിൽ വന്ന 20 ഒഴിവുകളിൽ 5 എണ്ണം വർക്ക്ഷോപ്പ് അറ്റൻഡർ തസ്തികയിലെ സ്ഥാനക്കയറ്റം മുഖേന നികത്തപ്പെടേണ്ടതാണ്. പരാമർശം (3) ലെ സീനിയോരിറ്റി ലിസ്റ്റ് പ്രകാരം ടി സ്ഥാനക്കയറ്റത്തിനർഹരായ വെൽഡർ ട്രേഡിലെ വർക്ക്ഷോപ്പ് അറ്റൻഡർ തസ്തികയിലെ ജീവനക്കാരുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഉദ്യോഗസ്ഥന്റെ പേര്, ഐ.ടി.ഐ | സീനിയോരിറ്റി ലിസ്റ്റിലെ ക്രമ നം. | യോഗ്യത | വർക്ക്ഷോപ്പ് അറ്റൻഡർ തസ്തികയിൽ നിയമനം, തീയതി | പരിവീക്ഷ കാലം പൂർത്തീകരിച്ച തീയതി |
|---|---|---|---|---|---|
| 1 | ബാബു.എ.ആർ ഐ.ടി.ഐ ചാലക്കുടി | 47 | SSLC NTC in Welder | 02/07/11 | 08/07/12 FN |

| | | | | | |
|---|---|---|---|---|---|
| 2 | ഹരീഷ്.എം<br>ഐ.ടി.ഐ കണ്ണൂർ | 48 | SSLC NTC in Welder, DME | 02/07/11 | 08/07/12 FN |
| 3 | അനിയൻകുഞ്ഞ്. എസ്<br>ഐ.ടി.ഐ തേവലക്കര | 49 | SSLC NTC in Welder | 02/07/11 | 26/07/12 FN |
| 4 | ഷാനവാസ്.എം<br>ഐ.ടി.ഐ കൊല്ലം | 50 | SSLC NTC in Welder | 02/07/11 | 13/07/12 FN |
| 5 | ഗോപകുമാർ.ജി<br>ഐ.ടി.ഐ ധനുവച്ചപുരം | 51 | SSLC NTC in Welder | 02/07/11 | 26/07/12 FN |

കേരള ക്രാഫ്റ്റ്സ്മാൻ സബോർഡിനേറ്റ് സർവ്വീസ് റൂൾസ് ചട്ടം 3 (3) ലെ ഒന്നാം നോട്ട് പ്രകാരം എൻ.ടി.സി യോഗ്യതയുള്ള വർക്ക്ഷോപ്പ് അറ്റൻഡർ തസ്തികയിലെ ജീവനക്കാർക്ക് ടി തസ്തികയിലെ സേവന പരിചയം ജൂനിയർ ഇൻസ്ട്രക്ടർ തസ്തികയിൽ നിയമനത്തിനായുള്ള പ്രവൃത്തി പരിചയമായി പരിഗണിക്കുന്നതിന് വ്യവസ്ഥ ചെയ്തിരിക്കുന്നു. മേൽപറഞ്ഞ ജീവനക്കാർ വർക്ക്ഷോപ്പ് അറ്റൻഡർ തസ്തികയിൽ മൂന്ന് വർഷത്തിലധികം സേവനദൈർഘ്യമുള്ളവരാണ്.

മേൽ സാഹചര്യത്തിൽ താഴെപ്പറയുന്ന വർക്ക്ഷോപ്പ് അറ്റൻഡർ തസ്തികയിലെ ജീവനക്കാർക്ക് കേരള സംസ്ഥാന കീഴുദ്യോഗസ്ഥ സേവന വ്യവസ്ഥകളിലെ ചട്ടം 9 എ (1) അനുസരിച്ച് 26500-56700/- രൂപ ശമ്പള നിരക്കിൽ ജൂനിയർ ഇൻസ്ട്രക്ടർ തസ്തികയിൽ അവരുടെ പേരുകൾക്ക് നേരെ രേഖപ്പെടുത്തിയിരിക്കുന്ന ഐ.ടി.ഐകളിൽ ജൂനിയർ ഇൻസ്ട്രക്ടർ (വെൽഡർ) തസ്തികയിൽ നിയമനം നൽകി ഉത്തരവാകുന്നു.

| ക്രമ നം. | സ്ഥാനക്കയറ്റം നൽകുന്ന ഉദ്യോഗസ്ഥന്റെ പേര്, തസ്തിക ഐ.ടി.ഐ എന്നിവ | സ്ഥാനക്കയറ്റം നൽകി നിയമിക്കുന്ന സ്ഥാപനം |
|---|---|---|
| 1 | ബാബു.എ.ആർ<br>വർക്ക്ഷോപ്പ് അറ്റൻഡർ,<br>ഐ.ടി.ഐ ചാലക്കുടി | ഐ.ടി.ഐ മരട് |
| 2 | ഹരീഷ്.എം<br>വർക്ക്ഷോപ്പ് അറ്റൻഡർ<br>ഐ.ടി.ഐ കണ്ണൂർ | ഐ.ടി.ഐ കണ്ണൂർ |

| | | |
|---|---|---|
| 3 | അനിയൻകുഞ്ഞ്.എസ്<br>വർക്ക്ഷോപ്പ് അറ്റൻഡർ<br>ഐ.ടി.ഐ തേവലക്കര | ഐ.ടി.ഐ കൊല്ലം |
| 4 | ഷാനവാസ്.എം<br>വർക്ക്ഷോപ്പ് അറ്റൻഡർ<br>ഐ.ടി.ഐ കൊല്ലം | ഐ.ടി.ഐ ആറ്റിങ്ങൽ |
| 5 | ഗോപകുമാർ.ജി<br>വർക്ക്ഷോപ്പ് അറ്റൻഡർ<br>ഐ.ടി.ഐ ധനുവച്ചപുരം | ഐ.ടി.ഐ ചെങ്ങന്നൂർ |

ടി ജീവനക്കാരെ വിടുതൽ ചെയ്യുന്നതും/ടി ജീവനക്കാർ സേവനത്തിൽ പ്രവേശിക്കുന്നതും ബന്ധപ്പെട്ട പ്രിൻസിപ്പാൾമാർ യഥാസമയം ഈ കാര്യാലയത്തിൽ അറിയിക്കേണ്ടതാണ്.

സ്ഥാനക്കയറ്റം നൽകപ്പെട്ട ജീവനക്കാർക്ക്, ദിനബത്ത, സേവനത്തിൽ പ്രവേശിക്കുന്നതിനുള്ള കാലയളവ്, യാത്രാബത്ത എന്നിവക്ക് നിയമാനുസൃതം അർഹതയുണ്ടായിരിക്കുന്നതാണ്.

ഒപ്പ്
ജോയിന്റ് ഡയറക്ടർ

<u>സ്വീകർത്താവ്:</u>

ടി ജീവനക്കാർക്ക് (പ്രിൻസിപ്പാൾ മുഖേന)

<u>പകർപ്പ്:</u>

1. ബന്ധപ്പെട്ട ഐ.ടി.ഐ പ്രിൻസിപ്പാൾമാർ
2. ഡയറക്ടർ, അഡീഷണൽ ഡയറക്ടർ, ജോയിന്റ് ഡയറക്ടർ എന്നിവരുടെ സി.എ മാർ.
3. എസ്.എസ് (എ)
4. സ്റ്റോക്ക് ഫയൽ (എ2)

//ഉത്തരവിൻപ്രകാരം//
Reji.s
സീനിയർ സൂപ്രണ്ട്

D-07.07.17